**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1390** **11-09-2023 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തീരദേശ ഹൈവേ പദ്ധതിയിൽ ഭൂമി ഏറ്റെടുക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | തീരദേശ ഹൈവേ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കുന്നതിന് മുന്നോടിയായുള്ള സർവ്വേയ്ക്കും അനുബന്ധപ്രവർത്തനങ്ങൾക്കും ആയി ഭൂമിയുടെ സർവേ നമ്പറുകൾ ഉൾപ്പെടുത്തി റവന്യൂവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഡി.പി.ആർ. പൂർണ്ണമാക്കി പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | തീരദേശമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ടാണ് തീരദേശ ഹൈവേ പദ്ധതിക്ക് സർക്കാർ രൂപം നൽകിയത്. പദ്ധതിയെ സംബന്ധിച്ച് ജനപ്രതിനിധികളുമായും ജനങ്ങളുമായും സംവദിച്ചാണ് സർക്കാർ മുന്നോട്ടു പോകുന്നത്. വിശദപദ്ധതിരേഖ പൂർത്തിയായ ഇടങ്ങളിൽ സ്ഥലം ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ട്. ഓരോ സ്ട്രെച്ചിലെ പ്രവർത്തനം സംബന്ധിച്ചും അലൈൻമെന്റും സംബന്ധിച്ചും ജനപ്രതിനിധികളെ അറിയിച്ച് ചർച്ച നടത്തിയിട്ടുണ്ട്. MLA മാർ, തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് പദ്ധതിയുടെ ഏകദേശ രൂപരേഖ അവതരിപ്പിച്ചിട്ടുണ്ട്. ജനപ്രതിനിധികൾ നിർദ്ദേശിക്കുന്ന തരത്തിൽ പല ഇടങ്ങളിലും അലൈൻമെന്റിൽ മാറ്റവും വരുത്തി. ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ ഫീൽഡിൽ എത്തിയും ജനങ്ങളോട് പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. തീരപ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് മികച്ച പുനരധിവാസപാക്കേജിനും രൂപം നൽകി.ഈ സാഹചര്യത്തിലാണ് അലൈൻമെന്റിന്റെ ഭാഗമായി വരുന്ന പ്രദേശത്ത് സർവ്വെ നടത്തുന്നതിന് തീരുമാനിച്ചത്. അതിരടയാള കല്ല് സ്ഥാപിച്ച ഇടങ്ങളിൽ പുനരധിവാസ ഏജൻസിയായ കേരള തീരദേശ വികസന കോർപ്പറേഷൻ ജീവനക്കാർ എത്തി പദ്ധതിയെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനും തീരമേഖലയുടെ സമഗ്രവികസനം |

| | | | |
|---|---|---|---|
| | | | സാധ്യമാക്കാനും ഇത്തരം പ്രവർത്തിനങ്ങളിലൂടെ ലക്ഷ്യമിടുന്നു. |
| (സി) | തീരദേശ ഹൈവേക്ക് വേണ്ടി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) | 2013 ലെ സ്ഥലം ഏറ്റെടുക്കൽ നിയമം (THE RIGHT TO FAIR COMPENSATION AND TRANSPARENCY IN LAND ACQUISITION, REHABILITATION AND RESETTLEMENT ACT, 2013) അടിസ്ഥാനമാക്കിയാണ് പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ. ഇതിന് പുറമെ തീരദേശ മേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത് ഹൈവേയുടെ സ്ഥലം ഏറ്റെടുക്കലിനുള്ള പ്രത്യേക പുനരധിവാസ പാക്കേജ് 10.03.2023 ലെ G.O.(Ms) No.50/2023/RD പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പാക്കേജിനെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഉടമസ്ഥാവകാശരേഖകൾ ഉള്ളവർ കാറ്റഗറി ഒന്നിൽ ഉൾപ്പെടും. കാറ്റഗറി ഒന്നിൽ ഉൾപ്പെട്ടവർക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ 2013 ലെ നിയമപ്രകാരമുള്ള നഷ്ടപരിഹാരം ലഭിക്കും. അതോടൊപ്പം കെട്ടിടം ഏറ്റെടുക്കുമ്പോൾ കെട്ടിടത്തിന് നിശ്ചയിക്കുന്ന തുകയിൽനിന്നും ഡിപ്രീസിയേഷൻ മൂല്യം കിഴിച്ച് സൊളേഷ്യം നൽകി, ഡിപ്രീസിയേഷൻ വാല്യൂ കൂട്ടിയ തുക നഷ്ടപരിഹാരമായി നൽകും. ഇതിനു പുറമെ പുനരധിവസിക്കപ്പെടേണ്ട കുടുംബങ്ങൾക്ക് 600 ചതുരശ്ര അടി ഫ്ലാറ്റ് അല്ലെങ്കിൽ 13 ലക്ഷം രൂപയുടെ ഒറ്റത്തവണ നഷ്ടപരിഹാരമോ നൽകും. ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകൾ ഇല്ലാത്തവരെ പുനരധിവാസ പാക്കേജിലെ കാറ്റഗറി രണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതനുസരിച്ച് ഡിപ്രീസിയേഷൻ മൂല്യം കിഴിക്കാതെയുള്ള കെട്ടിട വില നഷ്ടപരിഹാരമായി ലഭിക്കും. അതോടൊപ്പം പുനരധിവസിക്കപ്പെടേണ്ട കുടുംബങ്ങൾക്ക് 600 ചതുരശ്ര അടി ഫ്ലാറ്റ് അല്ലെങ്കിൽ 13 ലക്ഷം രൂപയുടെ ഒറ്റത്തവണ നഷ്ടപരിഹാരം നൽകും. |
| (ഡി) | ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പായി നിർദിഷ്ട പ്രദേശവാസികൾക്ക് പരാതികൾ ഉന്നയിക്കുന്നതിന് അവസരം നൽകിയിരുന്നോ; വിശദമാക്കാമോ? | (ഡി) | തീരദേശഹൈവേ പദ്ധതിയുടെ വിശദാംശങ്ങൾ ജനപ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നു. MLA മാർ, തദ്ദേശസ്വയംഭരണ പ്രതിനിധികൾ തുടങ്ങിയവരുമായി ചർച്ച നടത്തിയും ഫീൽഡിലെത്തി ജനങ്ങളുമായി ചർച്ച നടത്തിയും ആണ് അലൈൻമെന്റ് തയ്യാറാക്കിയത്. ജനപ്രതിനിധികളുടെ നിർദ്ദേശത്തിനനുസരിച്ച് പ്രായോഗികമായ ഇടങ്ങളിൽ |

| | | | |
|---|---|---|---|
| | | | അലൈൻമെന്റ് മാറ്റം വരുത്തുകയും ചെയ്തിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിച്ച റീച്ചുകളിൽ സ്ഥലം ഏറ്റെടുക്കുന്നതിന് മുന്നോടിയായുള്ള സർവ്വേ നടപടികളാണ് നടക്കുന്നത്. പദ്ധതി മേഖലകളിലെ സ്ഥലങ്ങളുടെ സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തി 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കും. പുനരധിവാസ പ്രവർത്തനങ്ങളുടെ ഏജൻസിയായ തീരദേശവികസന കോർപ്പറേഷൻ ജീവനക്കാർ പദ്ധതിയെക്കുറിച്ച് വീടുകളിലെത്തി വിശദീകരിക്കുകയും ചെയ്യുന്നു. തുടർന്ന് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് സാമൂഹ്യ ആഘാത പഠനം നടത്തും. ഈ ഘട്ടത്തിൽ വിപുലമായ ഹിയറിംഗ് ഉൾപ്പെടെ സംഘടിപ്പിക്കും. ഈ നടപടിക്രമങ്ങൾക്ക് ശേഷമാണ് ഭൂമി ഏറ്റെടുക്കലിനുള്ള അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുക. നിലവിൽ കോഴിക്കോട് ജില്ലയിലെ 3 റീച്ചുകളിലും കണ്ണൂർ ജില്ലയിലെ ഒരു റീച്ചിലും തൃശ്ശൂർ ജില്ലയിലെ ഒരു റീച്ചിലും സാമൂഹിക ആഘാത പഠനം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത റീച്ചുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. കോടിക്കൽ - കൊളവിപാലം (കോഴിക്കോട്) -11(1) പ്രസിദ്ധീകരിച്ചു<br><br>2. കൊളാവിപാലം - കോട്ടക്കൽ കടവ് (കോഴിക്കോട്) - 11(1) പ്രസിദ്ധീകരിച്ചു<br><br>3. കുഞ്ഞാലിമരക്കാർ പാലം (കോഴിക്കോട്) - 19(1) പ്രസിദ്ധീകരിച്ചു - നഷ്ടപരിഹാര തുക കൈമാറി<br><br>4. പാലക്കോട് - കുന്നരു സിറ്റി (കണ്ണൂർ) - സാമൂഹിക ആഘാത പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.<br><br>5. അഴിക്കോട് - മുനമ്പം പാലം (തൃശ്ശൂർ) - 19(1) പ്രസിദ്ധീകരിച്ചു - നഷ്ടപരിഹാരതുക കൈമാറി. |

സെക്ഷൻ ഓഫീസർ